Malappuram District Police

# 21.10.2017 മഞ്ചേരി

കാറിൽ സഞ്ചരിക്കുകയായിരുന്ന യുവതിയെയും സുഹൃത്തിനെയും സദാചാരത്തിന്റെ പേരുപറഞ്ഞ് ആക്രമിച്ച സംഭവത്തിൽ മൂന്നു പേർ അറസ്റ്റിൽ. മലപ്പുറം വള്ളുവമ്പ്രം പാറക്കാടൻ അബ്ദുൾ നാസർ (36), പുല്ലാര മൂച്ചിക്കൽ പാങ്ങോട്ടിൽ അസ്കറലി (29), എടവണ്ണ പത്തപ്പിരിയം തേലേക്കാട് ഹംസ (50) എന്നിവരെയാണ് പ്രത്യേക അന്വേഷണസംഘം പിടികൂടിയത്. യുവതിയുടെ പരാതിയെ തുടർന്ന് കണ്ടാലറിയാവുന്ന പത്ത് പേർക്കെതിരെ കേസെടുത്തു.

കഴിഞ്ഞ പതിനേഴിനാണ് കേസിനാസ്പദമായ സംഭവം. കാറിൽ സഞ്ചരിക്കുകയായിരുന്ന യുവതിയെയും സുഹൃത്തിനെയും വള്ളുവമ്പ്രത്തു വെച്ചാണ് ആക്രമിച്ചത്.

യുവതിയും സുഹൃത്തും സഞ്ചരിച്ച വാഹനത്തിന് പിന്നാലെ പ്രതികൾ കാറിലും ബൈക്കിലുമായി പിന്തുടർന്നു. നാസർ, അസ്കറലി, ഹംസ എന്നിവരുടെ നേതൃത്വത്തിൽ പത്തോളം പേരടങ്ങുന്ന സംഘം രണ്ടുപേരെയും കാറിൽ നിന്ന് വലിച്ചിറക്കി മർദിക്കുകയായിരുന്നു. ബലമായി മറ്റൊരു കാറിൽ പിടിച്ചുകൊണ്ടുപോന് ശ്രമിക്കുന്നതിനിടെ രക്ഷപ്പെട്ട യുവതി പോലീസ് സ്റ്റേഷനിൽ അഭയം തേടി. യുവതി സ്റ്റേഷനിലേക്ക് കയറുന്നതു കണ്ട് പ്രതികൾ രക്ഷപ്പെടുകയായിരുന്നു. യുവാവിനെ പിടിച്ചുകൊണ്ടുപോയി മർദിച്ചവരെ കുറിച്ച് വിവരം ലഭിച്ചിട്ടുണ്ട്. സംഘത്തിലുള്ളവർ മറ്റു പ്രതികൾ ഒളിവിലാണ്.

അക്രമികൾ സഞ്ചരിച്ച കാറും ബൈക്കും പൊലീസ് പിടിച്ചെടുത്തു. മഞ്ചേരി സിഐ എൻ.ബി. ഷൈജു, എസ്ഐ റിയാസ് ചാക്കീരി, പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ എസ്ഐ അബ്ദുറഹ്മാൻ, പി സഞ്ജീവ്, ഉണ്ണികൃഷ്ണൻ മാരാത്ത്, മുഹമ്മദ് സലിം, സജയൻ എന്നിവരാണ് പ്രതികളെ പിടികൂടിയത്.